ഇലയെഴുത്തുകൾ

# പാപ്പിറസ്

Papyrus ഫെബ്രുവരി 2012

ക്യാമ്പസ് ശാസ്ത്ര സമിതി എൻ.എസ്.എസ്. കോളേജ്, മഞ്ചേരി.

എഴുത്ത് സർഗാത്മകമായ ഭ്രാന്തിന്റെ പ്രകടനമാണ്. ലോകത്തെ നിലനിർത്തുന്ന ഭ്രാന്തിന് പ്രപഞ്ചത്തിന്റെ സാധ്യതകളുണ്ട്. കാടത്തം വെടിഞ്ഞ് പാപ്പിറസ് ഇലകളിലൂടെ ഇലക്ട്രോണിക് യുഗത്തിലെത്തി നിൽക്കുന്ന നമ്മൾ പുതുതലമുറയ്ക്ക് ഭ്രാന്ത് നഷ്ടമാകുന്നുണ്ടോ? നമ്മൾ യന്തിരൻമാരാകുന്നുണ്ടോ? കാൽപ്പനികതയ്ക്കപ്പുറം ഗൗരവമായ ചിന്തകളും സർഗാത്മക പ്രതികരണങ്ങളുമുണ്ടായിരുന്ന ക്യാമ്പസ് നമുക്കു നഷ്ടമാകുന്നുണ്ടോ?

എങ്കിൽ ഇലയെഴുത്തുകളിലൂടെ ക്യാമ്പസിന്റെ സ്പന്ദനവും സൗന്ദര്യവും ത്രീവ്രതയും നമുക്ക് പുനഃസൃഷ്ടിച്ചാലോ....

യുക്തിപൂർവ്വം ചിന്തിക്കുകയും സർഗാത്മകമായ് പ്രതികരിക്കുകയും ചെയ്യുന്ന വിദ്യാർത്ഥികളുടെ കൂട്ടായ്മയാണ് ക്യാമ്പസ് ശാസ്ത്ര സമിതി. സമിതിയിലൂടെ നാം ആർജ്ജിച്ചെടുക്കുന്ന ആശയങ്ങളെ ഹൃദയത്തോടു ചേർത്തുകൊണ്ട് നല്ല മരച്ചോടുകളിലൂടെ ഭ്രാന്തരായ് നമുക്ക് നടക്കാം... ഇലയും വെയിലും മഞ്ഞും മഴയും ഇനിയും നമ്മോടു സംവദിക്കാതിരിക്കില്ല....

എഡിറ്റർ,

**ലിജിഷ. എ.ടി.**


അഴകിന്റെ മണിത്തൂവൽ തഴുകി തലോടുന്ന
പെൺമനസ്സിന്റെ കിനാവറയിലേക്ക്



*Ornate fancy jewels*

as beautiful as you

Opp. Max Studio, PT Tower, Pandikkad Road, **MANJERI**

Tel: 0483 3216005

**Bridal Set | Cristal | Stone | Pearl | Etc.**

fashion unlimited...

# പ്രകൃതിയും പൈതൃക സ്വത്തുക്കളും

പൂർവ്വികരിൽ നിന്നും നമുക്ക് ലഭ്യമായതും, നാം നിലനിർത്തുന്നതും അടുത്ത തലമുറയ്ക്ക് കൈമാറ്റം ചെയ്യുന്നതിനെയുമാണല്ലോ പൈതൃക സ്വത്തുക്കൾ എന്ന് വിളിക്കുന്നത്. ലോകത്തെ പ്രധാനപ്പെട്ട സാംസ്കാരിക-പ്രാകൃതിക പൈതൃകങ്ങളുടെ സുരക്ഷയും സംരക്ഷണവും ഏറ്റെടുക്കുന്നതിനായി യുനെസ്കോ അത്തരം പ്രദേശങ്ങളെ പൈതൃക കേന്ദ്രങ്ങളായി പ്രഖ്യാപിച്ചുവരുന്നു. ഈ പ്രദേശങ്ങളിൽ കാടുകൾ, പർവ്വതങ്ങൾ, തടാകങ്ങൾ, മരുഭൂമികൾ, സ്മാരകങ്ങൾ, പൗരാണിക മന്ദിരങ്ങൾ, നഗരങ്ങൾ എന്നിവ ഉൾപ്പെടുന്നു.

ഭാരതത്തിൽ ഇതുവരെ ഇത്തരം 28 കേന്ദ്രങ്ങൾ പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. 1983-ൽ ആദ്യം പ്രഖ്യാപിക്കപ്പെട്ട ആഗ്രാ കോട്ടയും, അജന്താ ഗുഹകളും മുതൽ 2010-ൽ അവസാനം സ്ഥാപിതമായ ജയ്പൂരിലെ പ്രസിദ്ധമായ ജന്ദർ മന്ദർ വരെ.. ഈ 28 എണ്ണത്തിൽ 23 എണ്ണം സാംസ്കാരിക കേന്ദ്രങ്ങളും ബാക്കി 5 എണ്ണം പ്രാകൃതികവുമാണ്. കാസിരംഗ, സുന്ദർബൻ, നന്ദാദേവി, മാനസ്, കിയലാഡിയോ തുടങ്ങിയ സംരക്ഷിത പ്രദേശങ്ങളാണവ. നമുക്കിവയൊന്ന് പരിചയപ്പെടാം.

## ഇന്ത്യയിലെ പ്രാകൃതിക പൈതൃക കേന്ദ്രങ്ങൾ

(Natural World Heritage Sites)

### 1) 'കാസിരംഗ' ദേശീയോദ്യാനം (ആസാം)

ബ്രഹ്മപുത്ര നദീതടങ്ങളിൽ സ്ഥിതിചെയ്യുന്ന ഈ ദേശീയോദ്യാനം 1974-ലാണ് പ്രഖ്യാപിക്കപ്പെട്ടത്. ഒറ്റക്കൊമ്പൻ കണ്ടാമൃഗങ്ങളുടെ പ്രധാനപ്പെട്ട ആവാസകേന്ദ്രമായ ഇവിടം കാട്ടെരുമകൾക്കും, ചതുപ്പുമാനുകൾക്കും പ്രസിദ്ധമാണ്. കടുവകളുടെ ഏറ്റവുമധികം സാന്ദ്രതയുള്ള ഇവിടം 2006-ൽ ഒരു കടുവാ സങ്കേതമായും പ്രഖ്യാപിക്കപ്പെട്ടു. 1985-ൽ തന്നെ UNESCO കാസിരംഗയെ ലോകപൈതൃക കേന്ദ്രമായി പ്രഖ്യാപിച്ചിരുന്നു.

### 2) 'സുന്ദർബൻ' ദേശീയോദ്യാനം (പശ്ചിമ ബംഗാൾ)

ലോകത്തിലെ ഏറ്റവുമധികം വിസ്തൃതിയുള്ള ഈ കണ്ടൽ വനപ്രദേശം കണ്ടൽ സസ്യങ്ങളുടെ ഏറ്റവുമധികം വൈവിധ്യത്തിനും പ്രസിദ്ധമാണ്. ബംഗാൾ കടുവകൾ വസിക്കുന്ന ലോകത്തെ ഒരേയൊരു കണ്ടൽ വനമേഖല കൂടിയാണിത്. 1987 ലാണ് UNESCO പൈതൃക കേന്ദ്രമായി ഇവിടം പ്രഖ്യാപിച്ചത്.

### 3) 'നന്ദാ ദേവി', 'പൂക്കളുടെ താഴ്‌വര' ദേശീയോദ്യാനങ്ങൾ (ഉത്തരാഖണ്ഡ്)

പടിഞ്ഞാറൻ ഹിമാലയ പ്രദേശങ്ങളിലാണ് ഈ രണ്ടു ദേശീയോദ്യാനങ്ങളും സ്ഥിതിചെയ്യുന്നത്. ഇവ രണ്ടും ചേർന്ന് പർവ്വത നിരകളും, താഴ്‌വാരങ്ങളുമടങ്ങുന്ന അത്യധികം മനോഹരമായ ഭൂപ്രദേശമായി നിലകൊള്ളുന്നു. ബ്രഹ്മകമലം, നീലപോപ്പി, കോബ്രാലില്ലി തുടങ്ങിയ നിരവധി പൂക്കൾക്ക് പ്രസിദ്ധമാണ് ഈ താഴ്‌വാരം. ഏഷ്യൻ കരടി, ഹിമപുലി, തവിട്ടുകരടി, നീലയാട് തുടങ്ങിയ മൃഗങ്ങളാണിവിടെ സംരക്ഷിക്കപ്പെടുന്നത്. 1988-ൽ ഈ പ്രദേശങ്ങൾ പൈതൃക പട്ടികയിലിടം നേടിയത്.

### 4. 'മാനസ്' ദേശീയോദ്യാനം (ആസാം)

ഹിമാലയൻ താഴ്‌വാരങ്ങളിലെ മാനസ് നദീതടങ്ങളിൽ സ്ഥിതി ചെയ്യുന്ന ഈ ഉദ്യാനം അത്യപൂർവ്വ ജീവികളായ കടുവ, സ്വർണ്ണക്കുരങ്ങ്, കുള്ളൻ പന്നി, കുനൻ ആമ, കാട്ടെരുമ, മേഘപ്പുലി തുടങ്ങിയവയ്ക്ക് പ്രസിദ്ധമാണ്. കൂടാതെ ഇതൊരു കടുവാ സങ്കേതവും ആന സങ്കേതവും ജീവമണ്ഡല റിസർവ്വും ആണ്. 1985-ലാണ് ഇത് പൈതൃക പട്ടികയിൽ സ്ഥാനം നേടിയത്.

### 5. 'കിയലാഡിയോ' ദേശീയോദ്യാനം (രാജസ്ഥാൻ)

സിന്ധു, ഗംഗാ തട മൺസൂൺ കാടുകളിലാണ് 1982-ൽ പ്രഖ്യാപിക്കപ്പെട്ട

ഈ ദേശീയോദ്യാനം സ്ഥിതിചെയ്യുന്നത്. ഭരത്പൂർ പക്ഷി സങ്കേതമെന്ന പേരിലാണ് ഇത് മുമ്പ് അറിയപ്പെട്ടിരുന്നത്. ഇത് ഇന്ന് ഒരു റാംസർ തണ്ണീർത്തടവും കൂടിയാണ്. 230-ലധികം വ്യത്യസ്ത പക്ഷികളെ ഇവിടെ നിന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. 1985-ലാണ് ഇത് പൈതൃക പട്ടികയിൽ ഇടം നേടിയത്.

മേൽ സൂചിപ്പിച്ച പ്രദേശങ്ങൾ കൂടാതെ നിരവധി പ്രാകൃതിക പ്രദേശങ്ങൾ ഭാരതം ലോക പൈതൃക കമ്മിറ്റിയുടെ മുമ്പിൽ വച്ചിട്ടുണ്ട്. നമ്മുടെ പശ്ചിമഘട്ടം ഉൾപ്പെടെ. ലോകത്തിലെ ഓരോ പൗരനും അഭിമാനപൂർവ്വം തന്റേതു കൂടിയെന്നു പറഞ്ഞു സംരക്ഷിക്കാൻ അടുത്ത തലമുറയ്ക്ക് കൈമാറാൻ ഇവ പൈതൃക പട്ടികയിൽ ഇടം തേടേണ്ടതുണ്ട്.

**ഡോ. കിഷോർ കുമാർ**
അസി. പ്രൊഫ. ബോട്ടണി

## കവിത

### ചരട്

അവൾക്കും അവനും ഒരേ ആകാശം
അവന്റെ ആകാശത്തിൽ പറവകളും
അവളുടെ ആകാശത്തിൽ പട്ടങ്ങളും
അവൻ അനന്തതയെ കീഴടക്കിയപ്പോൾ
അവൾ പറവകളെ സ്വപ്നം കണ്ടു.

അഞ്ജലി കൃഷ്ണൻ. പി.കെ
രണ്ടാം വർഷ ബി.എസ്.സി. സുവോളജി.

### ആണവം

എന്റെ രാജ്യം
ആണാവാൻ പോകുന്നു.
തീ തുപ്പുന്നവൻ,
പുക യുതുന്നവൻ
ആണവൻ.

അജിത്. കെ
4-ാം സെമസ്റ്റർ ഇംഗ്ലീഷ്

### ദർശനം

എങ്ങും ഉരുൾപൊട്ടൽ! അതിവർഷം!
പ്രകൃതി ഇതുവരെ എടുത്തണിയാത്ത
ഒരു വേഷമെടുത്ത് ഉന്മാദ നൃത്തത്തിലാണ്....
ഒരു തിരയിലൂയലാടി, മഴത്തുള്ളികളുടെ താരാട്ടും
കാറ്റിന്റെ തഴുകലും ആസ്വാദിച്ച്, വിരലുണ്ട്
രസിച്ചൊഴുകിയൊഴുകി കണ്ണനണഞ്ഞു..
ഓടിച്ചെന്നു കോരിയെടുത്തുമ്മ വച്ചു
പിന്നിൽ കുടച്ചൂടി നിന്ന അനന്തന്റെ ദംശനം
ആ പ്രളയജലത്തിൽ തളർന്നുവീണു മുങ്ങിത്താഴ്ന്നപ്പൊഴും
ഒന്നേ നിനച്ചുള്ളൂ, കണ്ണനെ കണ്ടല്ലോ!....



ആതിരാ നന്ദൻ
ഇംഗ്ലീഷ് വിഭാഗം



Cell: 9447628295
M NJATHI
F.A.N.C.Y
LAQUER LAMINATION GOLD COVERING
PANDIKKAD ROAD, MANJERI
Malappuram Dt., Kerala - 676121
Imitation Jewellery, Beauty Parlour Items, Gift, Toys
Gents Lether Wallet, Belt, Cap etc...